പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3821

26.06.2012-ലെ മറുപടിയ്ക്ക്

**ബേപ്പൂർ രാമനാട്ടുകര അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ബേപ്പൂർ മണ്ഡലത്തിൽ രാമനാട്ടുകരയിലെ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ; | (എ) രാമനാട്ടുകരയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ടെക്നോളജി പാർക്കിനാവശ്യമായ 77.78 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമിയുടെ ഭൂരിഭാഗം പ്രദേശവും റവന്യൂ രേഖകൾ പ്രകാരം നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഭൂമിയുടെ നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരുത്തരുതെന്ന് ഹൈക്കോടതി താൽക്കാലിക നിരോധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭൂമിയുടെ പരിവർത്തനപ്പെടുത്തൽ ആ പ്രദേശത്തെ പരിസ്ഥിതിയേയും ബാധിക്കുമെന്ന കാരണം പറഞ്ഞ് പരിവർത്തനാവശ്യത്തിലേക്ക് വേണ്ടി തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ നിരാകരിച്ചിരിക്കുകയാണ്. പ്രസ്തുത ഉത്തരവിന്റെ പുന: പരിശോധനയ്ക്ക് കിൻഫ്ര സമർപ്പിച്ച അപേക്ഷ ഗവൺമെന്റിന്റെ പരിഗണനയിലാണ്. . |
| (ബി) പ്രസ്തുത പദ്ധതി ഏത് രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | ബി) കിൻഫ്ര- ഇൻകെൽ സംയുക്ത കമ്പനി രൂപീകരിച്ചാണ് സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. |
| സി) പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | സി) ഹൈക്കോടതിയുടെ നിരോധന ഉത്തരവ് പിൻവലിക്കുകയും ഭൂമി പരിവർത്തനം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ